**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ:3776

**17/12/2015** ൽ മറുപടിയ്ക്ക്

മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.ബി. ഗണേഷ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ നിന്നും എത്ര ഉദ്യോഗസ്ഥന്മാർ (ഐ.എഫ്. എസ് കാറ്റഗറി ഒഴികെ) മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) വനം വകുപ്പിൽ നിന്നും ഐ.എഫ്.എസ്. കാറ്റഗറി ഒഴികെ 15 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് വകുപ്പുകളിൽ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്നു. പാർട്ട് 1 കെ.എസ്.ആർ. ചട്ടം 144 -ലെ വ്യവസ്ഥകൾ പ്രകാരമാണ് സർക്കാർ ജീവനക്കാർ മറ്റു വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കി വരുന്നത്. |
| (ബി) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേജ്മെന്റിൽ ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; സർക്കാർ ഉത്തരവില്ലാതെ ജീവനക്കാർ ഇപ്രകാരം ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര പേർ എന്ന് വ്യക്തമാക്കുമോ? | (ബി) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ 14 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഒരു സെക്ഷൻ ഫോറസ്റ്റാഫീസറും ഒരു റിസർവ് ഫോറസ്റ്റ് വാച്ചറും ജോലി ചെയ്യുന്നു. ഇതിൽ ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറും ഒരു റിസർവ്വ് ഫോറസ്റ്റ് വാച്ചറും സർക്കാർ ഉത്തരവില്ലാതെയാണ് വർക്കിംഗ് അറേഞ്ച്മെൻറിൽ ജോലി ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**